അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --1308 15.06.2012- ലെ മറുപടിക്ക്

## മരണപ്പെട്ട പ്രവാസികളുടെ അനന്തരാവകാശികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) അറേബ്യൻ രാജ്യങ്ങളിൽ വെച്ച് മരണപ്പെടുന്ന കേരളീയരുടെ അനന്തരാവകാശികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഇന്ത്യൻ എംബസിയിൽ നിന്നും യഥാസമയം ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) അറേബ്യൻ രാജ്യങ്ങളിൽ വെച്ച് മരണപ്പെടുന്ന കേരളീയരുടെ അനന്തരാവകാശികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ രണ്ട് തരത്തിലാണ് ഉള്ളത്. ഒന്ന് ജോലി ചെയ്തിരുന്ന സ്ഥാപനത്തിൽ നിന്നും ലഭിക്കേണ്ടതും; രണ്ട് കോടതിയിൽ നിന്ന് കേസ്സ് കഴിഞ്ഞ് കിട്ടേണ്ടതുമാണ്. അനധികൃതമായി ജോലി ചെയ്തുവരുന്നവരും നിയമ പ്രകാരമുള്ള രേഖകൾ കൂടാതെ ജോലി ചെയ്തുവരുന്നവരും മരണപ്പെട്ടാൽ അവരുടെ ചില കേസുകളിൽ ആനുകൂല്യങ്ങൾ ലഭിക്കാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആനുകൂല്യങ്ങൾ ഭൂരിഭാഗവും ഇന്ത്യൻ എംബസി മുഖാന്തിരം അല്ല കൈമാറുന്നത്. ആനുകൂല്യങ്ങൾ ഇന്ത്യൻ എംബസിയിൽ നിന്ന് യഥാസമയം ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| (ബി) സൗദി അറേബ്യയിൽ മരണപ്പെട്ട ഒരാളുടെ മരണാനന്തര ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ഇന്ത്യൻ എംബസി അധികൃതർ കൈക്കൂലി ആവശ്യപ്പെട്ടതായ മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) എത്ര കേരളീയരുടെ മരണാനന്തര ആനുകൂല്യങ്ങളാണ് ഇപ്രകാരം ലഭിക്കുവാനുള്ളത്; | (സി) നോർക്ക വകുപ്പ് വഴി മാത്രമേ മരണാനന്തര ആനുകൂല്യങ്ങൾ ലഭിക്കൂ എന്ന നിബന്ധന ഇല്ലാത്തതിനാൽ എത്ര കേരളീയരുടെ മരണാനന്തര ആനുകൂല്യങ്ങളാണ് ലഭിക്കാനുള്ളത് എന്ന വിവരം ഈ വകുപ്പിൽ ലഭ്യമാവില്ല. |
| (ഡി) ഇതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്വീകരിക്കുമോ ? | (ഡി) അറേബ്യൻ രാജ്യങ്ങളിൽ വച്ച് മരണപ്പെടുന്ന കേരളീയരുടെ അനന്തരാവകാശികൾ തങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി ഈ വകുപ്പിൽ നിവേദനം തരികയാണെങ്കിൽ ഓരോ കേസ്സും വിശദമായി പഠിച്ച് ആവശ്യമായ അധിക രേഖകൾ അപേക്ഷകരിൽ നിന്നും വാങ്ങി ശ്രദ്ധാപൂർവ്വം ഓരോ കേസ്സും ഇന്ത്യൻ എംബസിയുടെ ശ്രദ്ധയിൽകൊണ്ടുവരാറുണ്ട്. ഇപ്രകാരം ഈ വകുപ്പിന്റെ ശ്രമ പ്രകാരം ഒട്ടനവധി കേസുകളിൽ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ